പക്ഷേ ഇപ്പോഴത്തെ സമ്പ്രദായത്തിൽ മാറ്റം വരുത്താൻ നയപരമായ തീരുമാനം ആവശ്യമാണ്. ഇത് പരിശോധിച്ച് വരികയാണ്. കൂടെക്കൂടെയുള്ള ഭരണമാറ്റം ഒഴിവാക്കാൻ അവിശ്വാസ പ്രമേയം ആറ് മാസം കഴിഞ്ഞാൽ കൊണ്ടുവരാമെന്നുള്ളത് മാറ്റി കൂടുതൽ സമയം നിശ്ചയിക്കുന്ന കാര്യവും അവിശ്വാസ പ്രമേയം പാസാകുന്നതിന് മുന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന് വ്യവസ്ഥ ചെയ്യുന്ന കാര്യവും നയപരമായ തീരുമാനം ആവശ്യമുള്ളതാണ്. അവ പരിശോധിച്ച് വരികയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട നിർദ്ദേശമാണ്. അധികാര വികേന്ദ്രീകരണം ഉണ്ടായ ശേഷമുള്ള നമ്മുടെ അനുഭവം വച്ചുനോക്കിയാൽ അംഗങ്ങളുടെ കാലുമാറ്റവും, കൂറുമാറ്റവും, ഉണ്ടാക്കിയ പ്രശ്നങ്ങൾ വളരെ വലുതാണ്. നമ്മുടെ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് ഇത് വഴി തെളിച്ചിട്ടുണ്ട്. നയപരമായ കാര്യമായതിനാൽ ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് ഒരു ആൾ പാർട്ടി മീറ്റിംഗ് വിളിക്കാം. എല്ലാവർക്കും സ്വീകാര്യമാണെങ്കിൽ നമുക്കിതിൽ തീരുമാനം എടുക്കുകയും ചെയ്യാം.

(5) ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ശാസ്താംകോട്ടയിൽ വളരെ വർഷങ്ങൾക്ക് മുമ്പ് പൊതുജനങ്ങളുടേയും വ്യാപാരി വ്യവസായി സഹോദരന്മാരുടേയും കൂട്ടായ ശ്രമത്തിന്റെ ഫലമായി മനോഹരമായി ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ പണിതിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ട് വർഷങ്ങളായി. ഇന്നുവരെ അത് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ മന്ത്രിയുടെ ശ്രദ്ധ ഞാൻ അടിയന്തിരമായി ക്ഷണിക്കുകയാണ്. തൊഴിലാളികളും കുട്ടികളും പൊതുജനങ്ങളും തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമെന്നുള്ള നിലയിൽ ശാസ്താംകോട്ടയിൽ പണി പൂർത്തീകരിച്ചിട്ടുള്ള ഈ ഡിപ്പോ എത്രയും വേഗം തുറന്നു പ്രവർത്തിപ്പിച്ച് എന്നെയും എന്റെ മണ്ഡലത്തേയും സഹായിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, വളരെ മുമ്പ് ശാസ്താംകോട്ട പഞ്ചായത്ത് നാലേക്കർ സ്ഥലവും അനുബന്ധ കെട്ടിടങ്ങളും കോർപ്പറേഷന്റെ നിർദ്ദേശമനുസരിച്ച് നിർമ്മിച്ചു കൊടുക്കാമെന്ന് കരാർ എഴുതി കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഇന്നുവരെ സ്ഥലം വിട്ടു കിട്ടുകയോ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയോ ഒന്നും ചെയ്തിട്ടില്ല എന്നാണ് കെ.എസ്.ആർ.ടി.സി. പറഞ്ഞിരിക്കുന്നത്. ആ സ്ഥലത്തു പാടില്ല. മലിനീകരണമുണ്ടാകും എന്നുപറഞ്ഞ് ഹൈക്കോടതിയിൽ രണ്ട് കേസ് വന്നു. തൽക്കാലം ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഇതിന്റെ പണി നടത്തിക്കൊള്ളാൻ

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി പറഞ്ഞു. എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് പറയാനുള്ളത്. ഇപ്പോൾ ഓഫീസ് കെട്ടിടങ്ങളുടെ പണിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഗാരേജിനോ വണ്ടി ഇടുന്നതിനോ മെയിന്റനൻസിനോ യാതൊരു പണിയും നടത്തിയിട്ടില്ല. ബസ് സ്റ്റേഷൻ തുടങ്ങുന്നതിന് പഞ്ചായത്തു സമ്മതിച്ചിട്ടുള്ള സ്ഥലവും ആവശ്യമായ ഗാരേജ്, ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ പണിയും പൂർത്തിയാക്കി കോർപ്പറേഷനു കരാറനുസരിച്ച് നൽകിയാൽ തീർച്ചയായും പരിഗണിക്കുന്നതാണ്.

(6) സാമൂഹ്യക്ഷേമ വകുപ്പിന്റെ 77/04-ാം നമ്പർ ഉത്തരവ് പിൻവലിക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: കേരളത്തിലെ അംഗനവാടികളിൽ ആയിരക്കണക്കിന് ആളുകൾ ജോലി ചെയ്യുന്നുണ്ട്. വളരെ ചെറിയ ഒരു വേതനം മാത്രമാണ് അവർക്ക് ലഭിക്കുന്നത്. മുന്നൂറ് രൂപ മുതൽ 1200 രൂപ വരെയയാണ് അവർക്ക് വേതനം ലഭിക്കുന്നത്. ഇന്ന് നാട്ടിൽ എന്തു പ്രശ്നമായാലും, പൾസ് പോളിയോ ആയാലും ഗ്രാമസഭ വിളിച്ചു കൂട്ടുന്ന കാര്യമായാലും, നാട്ടിൽ ഏത് സർവ്വേ ഉണ്ടായാലും ഇതിനൊക്കെ പ്രധാന പങ്കു വഹിക്കുന്നത് അംഗനവാടി ജീവനക്കാരാണ്. ഈ അംഗനവാടി ജീവനക്കാർക്ക് എതിരായി കഴിഞ്ഞ മാർച്ച് മാസത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് ഒരു ഉത്തരവിറക്കിയിട്ടുണ്ട്. അംഗനവാടി ജീവനക്കാരിൽ പലരും ഇന്ന് ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളാണ്. ത്രിതല പഞ്ചായത്തുകളിൽ (ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും) അംഗങ്ങളാണ് അംഗനവാടി ജീവനക്കാരിൽ പലരും. സാമൂഹ്യ ക്ഷേമ വകുപ്പ് ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ ഇറക്കിയ ഉത്തരവിൽ ത്രിതല പഞ്ചായത്തിൽ അംഗങ്ങളായിട്ടുള്ള അംഗൻവാടി ജീവനക്കാർ ശൂന്യ വേതന അവധി എടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. എയ്ഡഡ് സ്കൂളിൽ ആയിരക്കണക്കിന് രൂപ ശമ്പളം വാങ്ങുന്ന ആളുകൾക്ക് ത്രിതല പഞ്ചായത്തിൽ നിന്ന് ശമ്പളം വാങ്ങാൻ കഴിയും. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിൽ ജീവനക്കാർ ആയിട്ടുള്ള ആളുകൾക്ക് ത്രിതല പഞ്ചായത്തുകളിൽ നിന്ന് ശമ്പളം വാങ്ങുന്നതിനുള്ള സൗകര്യമുണ്ട്. കേവലം ആയിരവും ആയിരത്തി ഇരുന്നൂറും രൂപ ശമ്പളം/ഓണറേറിയം വാങ്ങുന്ന പാവപ്പെട്ട ജീവനക്കാർ ശൂന്യ വേതന അവധി എടുക്കണം. ത്രിതല പഞ്ചായത്തിൽ അംഗങ്ങളായിട്ടുള്ള ആളുകൾ എന്നുള്ള ഉത്തരവ്, സത്യം പറഞ്ഞാൽ പിച്ചച്ചട്ടിയിൽ കയ്യിട്ടു വാരുന്നതിനു തുല്യമാണ്. പാവപ്പെട്ടവരോട് ഈ സമീപനം പാടില്ല. തീർച്ചയായിട്ടും ഈ ഗവൺമെന്റിന് ഒരു മാനുഷിക മുഖമുണ്ട്. അവരെ കരയാനിനി അനുവദിക്കരുത്. ദയവായി ആ ഉത്തരവ് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): അവർക്ക് വളരെ കുറഞ്ഞ വേതനമേ കിട്ടുന്നുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്ന ഈ ഉത്തരവ് ഗവൺമെന്റ് പുനഃപരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly